# കേരളാ സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് ആന്റ് ഗൈഡ്സ്
## സംസ്ഥാന കാര്യാലയം, തിരുവനന്തപുരം - 33

നമ്പർ:- ***F-403/2023/KSBSG*** തീയതി: **23-02-2023**

സ്വീകർത്താവ്

**എല്ലാ ജില്ലാ സെക്രട്ടറിമാരും**

സർ/മാഡം,

***വിഷയം:- സംസ്ഥാന കബ്ബ്/ബുൾബുൾ ഉത്സവം - സംബന്ധിച്ച് "കാര്യപരിപാടി വിശദമായി"***

***സൂചന:- 09-02-2023 ലെ ഇതേ നമ്പർ സർക്കുലർ***

**2023 മാർച്ച് 10 മുതൽ 13 വരെ Modern HSS പോട്ടൂർ. എടപ്പാൾ, തിരൂർ ജില്ലയിൽ** വെച്ച് സംസ്ഥാനതല കബ്ബ്/ബുൾബുൾ ഉത്സവത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. അതനുസരിച്ച് കണ്ടിജന്റ് ലീഡർമാർ കുട്ടികളെ സജ്ജരാക്കേണ്ടതാണ്.

**മത്സര ഇനങ്ങൾ (പരമാവധി 5 മിനുട്ട്)**

1. **ആക്ഷൻസോംഗ് (ആംഗ്യപ്പാട്ട്)** : ഒരു ജില്ലക്ക് കബ്ബ്/ബുൾബുൾ അടക്കം ചുരുങ്ങിയത് 8 കുട്ടികളെങ്കിലും പങ്കെടുക്കണം. 8 ൽ കൂടുതൽ എത്രയും ആകാം. ഒരു ജില്ലക്ക് ഒരു ടീം
2. **കഥാഭിനയം** (Play Acting) : കബ്ബുകൾക്കും ബുൾബുളുകൾക്കും പ്രത്യേകമായി നടത്തപ്പെടുന്നു. (കബ്ബുകൾ ജംഗിൾപ്ലേ - ബുൾബുളുകൾ താരാസ്റ്റോറി)
3. **നാടോടിനൃത്തം** (Folk Dance) : കബ്ബുകളും ബുൾബുളുകളും അടങ്ങുന്നതോ, ഏതെങ്കിലും ഒരു വിഭാഗം മാത്രം ഉൾക്കൊള്ളുന്നതോ ആയ 8 കുട്ടികളെങ്കിലും പങ്കെടുക്കണം. 8 ൽ കൂടുതൽ എത്രയും ആകാം. ഒരു ജില്ലക്ക് ഒരു ടീം. വേഷവിധാനം അവരവർ കരുതണം.
4. **റെഡ് ഫ്ളവർ/കളാരവ്** : പക്ഷികളുടേയോ, മൃഗങ്ങളുടേയോ വേഷവിധാനത്തോടെയുള്ള സ്കിറ്റ്. കബ്ബ്/ബുൾബുൾ അടക്കം ചുരുങ്ങിയത് 8 കുട്ടികളെങ്കിലും പങ്കെടുക്കണം. 8 ൽ കൂടുതൽ എത്രയും ആകാം. ഒരു ജില്ലക്ക് ഒരു ടീം. വേഷവിധാനം അവരവർ കരുതണം.
5. **നോളഡ്ജ് ഹണ്ടിംഗ്** : മൗഗ്ലി, താരാസ്റ്റോറി സംബന്ധിച്ച്. ഒരു ജില്ലയിൽ നിന്ന് രണ്ട് കബ്ബ്സിനും രണ്ട് ബുൾബുൾസിനും പങ്കെടുക്കാം.
6. **ഡു യുവർ ബെസ്റ്റ്** : കരകൗശല വിദ്യയുടെ മത്സരം ഒരു ജില്ലയിൽ നിന്ന് രണ്ട് കബ്ബിനും രണ്ട് ബുൾബുളിനും പങ്കെടുക്കാം. നിർമ്മാണ വസ്തുക്കൾ ജില്ലകൾ കരുതിയിരിക്കണം. (സമയ പരിമിധി മൂലം കഥാഭിനയം (Play Acting) നടത്തുന്നതനിടയിൽ തന്നെ Do Your Best, Knowledge Hunting എന്നീ പരിപാടികൾ നടത്തേണ്ടതുണ്ട്. അതിനാൽ Play Acting ൽ പങ്കെടുക്കുന്ന കുട്ടികളിൽ അവർ ഉൾപ്പെടാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.
7. **നാടൻ പാട്ട്** : കബ്ബ്/ബുൾബുൾ ഉൾപ്പെടുന്ന ചുരുങ്ങിയത് 8 കുട്ടികളെങ്കിലും

പങ്കെടുക്കണം. 8 ൽ കൂടുതൽ എത്രയും ആകാം. ഒരു ജില്ലക്ക് ഒരു ടീം.

8. **ചമയം** (Pageant Show) : കബ്ബ്, ബുൾബുൾ, യൂണിറ്റ് ലീഡർമാർ എന്നിവർക്കെല്ലാം പങ്കെടുക്കാം. എണ്ണത്തിന്റെ പരിമിധിയില്ല. ചമയ വസ്തുക്കൾ ജില്ല തന്നെ കരുതേണ്ടതാണ്.

9. **ഫൺ ആന്റ് അഡ്വഞ്ചർ** : ജില്ലാ കണ്ടിജന്റിലെ മുഴുവൻ കുട്ടികളും പങ്കെടുക്കണം. അവർക്ക് മാത്രമേ പങ്കാളിത്ത സർട്ടിഫിക്കറ്റ് ലഭിക്കുകയുള്ളൂ.

വേഷങ്ങൾ ആവശ്യമുള്ള മത്സരയിനങ്ങൾക്ക് വേണ്ട വസ്തുക്കൾ ജില്ലകൾ തന്നെ കരുതേണ്ടതാണ്. പേപ്പർ ക്രാഫ്റ്റ് നിർമ്മാണത്തിന് ആവശ്യമായ വസ്തുക്കൾ (വിവിധ തരം പേപ്പറുകൾ, കത്രിക, പശ, ചായം മുതലായവ) അവരവർ കൊണ്ടുവരേണ്ടതാണ്. ക്വിസിനാവശ്യമായ പേപ്പറും കരുതിയിരിക്കണം. ജില്ലയിൽ നടത്തിയ കരകൗശല മത്സര വസ്തുക്കൾ കൊണ്ടുവന്നാൽ അവയുടെ പ്രദർശനം സംഘടിപ്പിക്കാവുന്നതാണ്.

ഭക്ഷണം കഴിക്കാനും, വേണ്ടി വന്നാൽ ശേഖരിക്കാനുമുള്ള പാത്രങ്ങൾ കരുതണം. പേപ്പർ പ്ലേറ്റുകൾ, ഗ്ലാസ്സുകൾ എന്നിവക്ക് പകരം സ്റ്റീൽ പാത്രങ്ങൾ ഉപയോഗിക്കണം.

എല്ലാവർക്കും ആനന്ദപ്രദമായ ഒരു കബ്ബ് ബുൾബുൾ ഉത്സവം ആശംസിക്കുന്നു.

വിശ്വസ്തതയോടെ,

OFFICE OF THE KERALA STATE BHARAT SCOUTS AND GUIDES
STATE HEAD QUARTERS
THIRUVANANTHAPURAM-695033

**സംസ്ഥാന സെക്രട്ടറി**